ശ്രീ. എം. സി. എബ്രഹാം: റിപ്പോർട്ടുകിട്ടിയിട്ട് വളരെക്കാലമായിട്ടും ശുപാർശ നടപ്പിൽവരുത്താൻ താമസിക്കുന്നതിന്റെ കാരണം എന്താണ്?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: നടപ്പിൽവരുത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. സി. എബ്രഹാം: പരിശ്രമങ്ങളുടെ സ്വഭാവം എന്താണ്?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ഓരോ ജില്ലയിലെയും എം. എൽ. എ.മാരുമായി ചർച്ചനടത്തുക; ഗവണ്മെന്റ്തലത്തിൽ ചർച്ചനടത്തുക; ഹൈക്കോടതിയുടെ അഭിപ്രായം ആരായുക; ഹൈക്കോടതി വല്ല നിർദ്ദേശങ്ങളും അറിയിച്ചാൽ അതു സ്റ്റെക്യൂൽ ആഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുക; അതിന്മേൽ അദ്ദേഹത്തിന്റെ അഭിപ്രായം ആരായുക; അതിനുശേഷം തീരുമാനം എടുക്കുക ഇതാണ് ഇതിന്മേൽ സ്വീകരിക്കാവുന്ന നടപടികൾ.

പിൻവലിച്ച ക്രിമിനൽ കേസ്സുകൾ.

* 1500. [11] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം വിചാരണയിൽ ഇരുന്ന എത്ര ക്രിമിനൽ കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്;

(ബി) 1957-58-ൽ പിൻവലിച്ചതെത്ര;

(സി) 1958-59-ൽ പിൻവലിച്ചവയെത്ര;

(ഡി) ഗവണ്മെന്റ് പിൻവലിക്കാൻ ഉത്തരവിട്ടിട്ടും, പിൻവലിക്കാൻ കോടതി അനുവാദം നിഷേധിച്ചു, വിചാരണ തുടർന്നു നടന്ന കേസ്സുകൾ എത്ര;

(ഇ) പിൻവലിക്കാൻ ഉത്തരവിട്ടതിനുശേഷം, കോടതി അനുവാദം നിഷേധിച്ചു വിചാരണനടത്തി പ്രതികളെ ശിക്ഷിച്ച കേസ്സുകൾ എത്ര; ഏതെല്ലാം?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ—ഇ) ഉത്തരം തയ്യാറായിട്ടില്ല.

ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലുണ്ടായിരുന്ന വിദ്യാലയങ്ങളിലെ ജീവനക്കാർ.

* 1501. [12] ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക വിദ്യാഭ്യാസവും സഹകരണവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ഡിസ്ട്രിക്റ്റ്ബോർഡിന്റെ കീഴിൽനിന്നും ഗവണ്മെന്റും ഏറ്റെടുത്ത വിദ്യാലയങ്ങളിലെ ഏതെങ്കിലും ജീവനക്കാരെ പിരിച്ചുവിടാൻ കല്പനയായിട്ടുണ്ടോ;

(ബി) ഡിസ്ട്രിക്റ്റ്ബോർഡു പ്രസിഡന്റിനു നിയമപ്രകാരം ബോർഡു ജീവനക്കാരെ നിയമിക്കുന്നതിനു അധികാരം ഉണ്ടായിരുന്നു എന്നതു ശരിയാണോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഉണ്ട്; മതിയായ യോഗ്യതയില്ലാത്തവരും, താൽക്കാലികമായ വ്യവസ്ഥയിൽ പ്രസിഡന്റ് നിയമിച്ചിരുന്നവരുമായ അദ്ധ്യാപകന്മാരെ പിരിച്ചുവിടാൻ കല്പനയുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശരിയാണോ; നിയമപ്രകാരമുള്ള പരീക്ഷായോഗ്യതയുള്ളവരെ ബോർഡുജീവനക്കാരായി നിയമിക്കുന്നതിനു പ്രസിഡൻറിനു അധികാരമുണ്ടായിരുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: ബോർഡു പ്രസിഡൻറു നിയമിച്ച കാലത്തു അന്നു നിശ്ചയിച്ചിരുന്ന വിദ്യാഭ്യാസയോഗ്യത ഉണ്ടായിരുന്ന സ്ഥിതിക്കു, ഇന്നു, അതു മതിയായ വിദ്യാഭ്യാസയോഗ്യതയല്ലെന്നു നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അന്നു വേണമെന്നു വ്യവസ്ഥചെയ്തിരുന്ന യോഗ്യതതന്നെയായിരിക്കും ഇന്നും ഉള്ളതു.

ശ്രീ. ഇ. പി. ഗോപാലൻ: അന്നു വ്യവസ്ഥചെയ്തിരുന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽമാത്രമേ അന്നു നിയമനം നടന്നിട്ടുള്ളു. അന്നത്തെ യോഗ്യത, മതിയായ യോഗ്യതയല്ലാതായിത്തീരുന്നതിനു, യോഗ്യതയില്ലാത്ത വരെയും നിയമിക്കാൻ പ്രസിഡൻറിനു അധികാരം ഉണ്ടായിരുന്നോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: എമർജൻസി കേസ്സിൽ പ്രസിഡൻറിനു ചില നിയമനങ്ങൾ നടത്താൻ അധികാരമുണ്ടായിരുന്നു. അതു ചില പ്രത്യേകവ്യവസ്ഥയിന്മേലായിരുന്നു. ഡിവിഷണൽ എഡ്യൂക്കേഷൻ ആഫീസറുടെ അനുമതിയോടുകൂടിമാത്രം, എമർജൻസി കേസ്സിൽ അൺ കപ്പാളിഫൈഡ് ടീച്ചേഴ്സിനെ നിയമിച്ചിരുന്നു. അങ്ങനെയുള്ളവരെ പിരിച്ചുവിടാനാണു കല്പനയായിട്ടുള്ളതു.

ശ്രീ. പി. ടി. ചാക്കോ: യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥന്മാരെ നിയമിച്ച ഡിസ്ട്രിക്ടു ബോർഡു പ്രസിഡൻറു ആരായിരുന്നുവെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ശ്രീ. പി. ടി. തോമസ് കരപ്പണിക്കർ.

ശ്രീ. പി. ടി. ചാക്കോ: അങ്ങനെ യോഗ്യതയില്ലാത്ത ആളുകളെ നിയമിച്ചതിനു പ്രതിഫലമായിട്ടാണോ അദ്ദേഹത്തെ പബ്ലിക് സർവ്വീസുകമ്മീഷൻ മെമ്പറായി നിയമിച്ചതു?

Mr. Speaker: That need not be answered.

Shri T. C. Narayanan Nambiar: By means of a question, the Opposition Leader has created an impression that the ex-President of the Malabar District Board was appointing unqualified hands. So, by means of supplementaries we have to make it clear that it was not so.

Mr. Speaker: I have disallowed that question.

സാമ്പത്തികശേഷിയില്ലാത്ത വിദ്യാർത്ഥികളുടെ ഉപരിപഠനം.

* 1502. [13] ശ്രീ ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികശേഷിയില്ലാത്ത വിദ്യാർത്ഥികളുടെ ഉപരിപഠനാർത്ഥം ആവശ്യമായ സംഖ്യ കടം കൊടുക്കാൻ ഗവണ്മെൻറിനു വല്ല പദ്ധതികളുമുണ്ടോ;

(ബി) മേനനിർമ്മാണപദ്ധതിയുടെ കടംവാങ്ങുന്നയുടെ മാതൃകയിൽ ഇതുസംബന്ധിച്ചു എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഇല്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly